**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 151** **11-10-2021 - ൽ മറുപടിയ്ക്ക്**

**വ്യാജ പുരാവസ്തുക്കളുടെ ക്രയവിക്രയം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . ഷാഫി പറമ്പിൽ ,<br>ശ്രീ എം വിൻസെൻറ് ,<br>ശ്രീ സി ആർ മഹേഷ്,<br>ശ്രീ. സജീവ് ജോസഫ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | സംസ്ഥാനത്ത് പുരാവസ്തുക്കൾ സൂക്ഷിക്കുന്നതിനും ക്രയവിക്രയം നടത്തുന്നതിനും ബാധകമായ ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം രജിസ്ട്രേഷൻ ലഭിക്കാത്ത വ്യാജ വസ്തുക്കൾ പുരാവസ്തു എന്ന പേരിൽ പ്രദർശനവും വിൽപനയും നടത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ആരോപണങ്ങൾ ഉയർന്നുവന്നതിന്റെ പശ്ചാത്തലത്തിൽ ക്രൈംബ്രാഞ്ച് അന്വേഷണം നടത്തിവരുന്നുണ്ട്. പുരാവസ്തു എന്നത് വ്യാജമാണോ അല്ലയോ എന്ന് ഉറപ്പാക്കേണ്ടത് ആർക്കിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ (ASI) എന്ന കേന്ദ്ര സർക്കാർ സ്ഥാപനമാണ്.ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ആർക്കിയോളജിക്കൽ സർവ്വെ ഓഫ് ഇന്ത്യ (ASI ) യുടെ ശ്രദ്ധയിൽപെടുത്തി കേസന്വേഷണം മുന്നോട്ടുകൊണ്ടുപോകാനാണ് ക്രൈം ബ്രാഞ്ച് ശ്രമിക്കുന്നത്. |
| (ബി) | ഇത് സംബന്ധിച്ച് സംസ്ഥാന പോലീസ് മേധാവി ജില്ലാ പോലീസ് അധികാരികൾക്ക് ജാഗ്രതാനിർദേശം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ; | (ബി) | പോലീസ് റിപ്പോർട്ട് പ്രകാരം, ആരോപണവിധേയനായ വ്യക്തി തന്റെ വീടിന് സുരക്ഷ നൽകണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ ഉചിതമായ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിക്ക് അയച്ചിട്ടുണ്ട്. സുരക്ഷയുമായി ബന്ധപ്പെട്ട അപേക്ഷയായതിനാൽ സ്വാഭാവികമായ നടപടിയാണ് പോലീസ് മേധാവി കൈകൊണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആരോപണവിധേയനെകുറിച്ച് 21 -12-2019 ലെ കത്ത് പ്രകാരം ഇന്റലിജൻസ് എ. ഡി. ജി. പി ക്ക് നിർദ്ദേശം നൽകിയിരുന്നു. മുൻ ഡി. ജി. പി ഈ കേസിലെ ആരോപണവിധേയന്റെ വീട് സന്ദർശിക്കുകയും സംശയത്തെ തുടർന്ന് പോലീസ് ഇന്റലിജൻസിനോട് വിവരങ്ങൾ ശേഖരിക്കുവാൻ ആവശ്യപ്പെടുകയും ഉണ്ടായി. ഇന്റലിജൻസ് എ. ഡി. ജി. പി യിൽ നിന്നും ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന പോലീസ് മേധാവി 05.02.2020 ന് എൻഫോഴ്സ്മെന്റ് ഡയറക്ടർക്ക് |

| | | | |
|---|---|---|---|
| | | | കത്ത് നൽകിയിരുന്നു. ഇത് സംബന്ധിച്ച കാര്യങ്ങൾ അന്വേഷണത്തിലാണ്. |
| (സി) | ചേർത്തല സ്വദേശിയായ വ്യക്തിയുടെ നേതൃത്വത്തിൽ പുരാവസ്തു തട്ടിപ്പ് നടക്കുന്നതായി മുൻ പോലീസ് മേധാവിക്ക് ബോധ്യപെട്ടിട്ടും ഇയാൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കാത്തതായുള്ള ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത വ്യക്തിയുടെ വീടിനും വ്യാജ വസ്തുശേഖരത്തിനും പോലീസ് സംരക്ഷണം നൽകിയതിയതായി പറയപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ; | (സി) | പോലീസ് റിപ്പോർട്ട് പ്രകാരം, ആരോപണവിധേയനായ വ്യക്തി തന്റെ വീടിന് സുരക്ഷ നൽകണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ ഉചിതമായ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിക്ക് അയച്ചിട്ടുണ്ട്. സുരക്ഷയുമായി ബന്ധപ്പെട്ട അപേക്ഷയായതിനാൽ സ്വാഭാവികമായ നടപടിയാണ് പോലീസ് മേധാവി കൈകൊണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആരോപണവിധേയനെകുറിച്ച് 21 -12-2019 ലെ കത്ത് പ്രകാരം ഇന്റലിജൻസ് എ. ഡി. ജി. പി ക്ക് നിർദ്ദേശം നൽകിയിരുന്നു. മുൻ ഡി. ജി. പി ഈ കേസിലെ ആരോപണവിധേയന്റെ വീട് സന്ദർശിക്കുകയും സംശയത്തെ തുടർന്ന് പോലീസ് ഇന്റലിജൻസിനോട് വിവരങ്ങൾ ശേഖരിക്കുവാൻ ആവശ്യപ്പെടുകയും ഉണ്ടായി. ഇന്റലിജൻസ് എ. ഡി. ജി. പി യിൽ നിന്നും ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന പോലീസ് മേധാവി 05.02.2020 ന് എൻഫോഴ്സ്മെന്റ് ഡയറക്ടർക്ക് കത്ത് നൽകിയിരുന്നു. ഇത് സംബന്ധിച്ച കാര്യങ്ങൾ അന്വേഷണത്തിലാണ്. |
| (ഡി) | ഉന്നത പോലീസ് ഉദ്യോഗസ്ഥരുമായുള്ള ബന്ധം ദുരുപയോഗം ചെയ്ത് കോടികളുടെ തട്ടിപ്പ് നടത്തിയതിന് എന്തെങ്കിലും തെളിവുകൾ ലഭിച്ചിട്ടുണ്ടോ; എങ്കിൽ സംസ്ഥാന പോലീസിലെ ഇത്തരം ബന്ധങ്ങൾ അവസാനിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ? | (ഡി) | പോലീസ് റിപ്പോർട്ട് പ്രകാരം, ആരോപണവിധേയനായ വ്യക്തി തന്റെ വീടിന് സുരക്ഷ നൽകണമെന്ന് ആവശ്യപ്പെട്ട് സമർപ്പിച്ച അപേക്ഷ ഉചിതമായ നടപടി സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ജില്ലാ പോലീസ് മേധാവിക്ക് അയച്ചിട്ടുണ്ട്. സുരക്ഷയുമായി ബന്ധപ്പെട്ട അപേക്ഷയായതിനാൽ സ്വാഭാവികമായ നടപടിയാണ് പോലീസ് മേധാവി കൈകൊണ്ടത് എന്ന് വ്യക്തമാക്കിയിട്ടുണ്ട്. ആരോപണവിധേയനെകുറിച്ച് 21 -12-2019 ലെ കത്ത് പ്രകാരം ഇന്റലിജൻസ് എ. ഡി. ജി. പി ക്ക് നിർദ്ദേശം നൽകിയിരുന്നു. മുൻ ഡി. ജി. പി ഈ കേസിലെ ആരോപണവിധേയന്റെ വീട് സന്ദർശിക്കുകയും സംശയത്തെ തുടർന്ന് പോലീസ് ഇന്റലിജൻസിനോട് വിവരങ്ങൾ ശേഖരിക്കുവാൻ ആവശ്യപ്പെടുകയും ഉണ്ടായി. ഇന്റലിജൻസ് എ. ഡി. ജി. പി യിൽ നിന്നും ലഭിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ സംസ്ഥാന പോലീസ് മേധാവി 05.02.2020 ന് എൻഫോഴ്സ്മെന്റ് ഡയറക്ടർക്ക് കത്ത് നൽകിയിരുന്നു. ഇത് സംബന്ധിച്ച കാര്യങ്ങൾ അന്വേഷണത്തിലാണ്. |

സെക്ഷൻ ഓഫീസർ